IV സബ്മിഷൻ

(1) പാലക്കാട് ജില്ലയിലെ മണ്ണൂർ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് സംബന്ധിച്ച്

ശ്രീ. കെ.എ. ചന്ദ്രൻ : സർ, മിനിഞ്ഞാന്ന് പാലക്കാട് ജില്ലയിലെ മണ്ണൂർ സഹകരണ ബാങ്കിൽ നടന്ന തെരഞ്ഞെടുപ്പ് സഹകരണ ജനാധിപത്യത്തെ കശാപ്പു ചെയ്യുന്നതും തെരഞ്ഞെടുപ്പിന്റെ സകലവിധ മാനദണ്ഡങ്ങളും ലംഘിച്ച് റിട്ടേണിംഗ് ഓഫീസർ പോലീസിന്റെ സഹായത്തോടുകൂടി നടത്തിയ ഒരു ഹീനകൃത്യവുമായിരുന്നു. ഇതു സംബന്ധിച്ച് പത്രങ്ങളിൽ വാർത്താ പ്രാധാന്യത്തോടുകൂടിതന്നെ ഫ്രണ്ട് പേജിൽ വരികയും ചെയ്തിട്ടുണ്ട്. മലയാള മനോരമയിൽ 'മണ്ണൂർ ബാങ്ക് ഇലക്ഷനിൽ പയ്യാവൂർ മോഡൽ, എൽ.ഡി.എഫ്. അധികാരത്തിലേയ്ക്ക്' എന്ന് ഫ്രണ്ട് പേജിലാണ് അടിച്ചുവന്നത്. മാതൃഭൂമിയിൽ 'മണ്ണൂർ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ സംഘർഷം'. ഈ നിലയിൽ വാർത്താ പ്രാധാന്യം നൽകി പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. ഈ സ്ഥലം ഞാൻ ഇന്നലെ സന്ദർശിച്ചു. ഇന്നലെയും അവിടെ സംഘർഷഭരിതമായ ഒരു സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയത്. ബഹളം കൂട്ടാത്തതിന്റെ പേരിലാണ് മാറ്റിയതെങ്കിലും അതു ശരിയല്ല, ഇത്തരം പ്രാധാന്യമുള്ളവ അടിയന്തിര പ്രാധാന്യമുള്ളതായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പാലക്കാട് ജില്ലയിലെ മണ്ണൂർ സഹകരണ ബാങ്ക് തുടക്കം മുതൽ ഇന്നുവരെ എൽ.ഡി.എഫിന്റെ നിയന്ത്രണത്തിൽ ഉള്ള ഭരണസമിതിയായിരുന്നു. ഇത് പിരിച്ചുവിടാൻ വേണ്ടി ഇടക്കാലത്ത് 7 മാസത്തിനകം 11 അഡ്മിനിസ്ട്രേറ്റർമാരെ ഡിപ്പാർട്ടുമെന്റ് അവിടെ നിയമിച്ചു. ഈ സ്ഥിതിയിൽ അവസാനം കോടതിയുടെ അംഗീകാരത്തോടുകൂടി, കോടതി നിർദ്ദേശമനുസരിച്ച് യു.ഡി.എഫിന്റെ ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഭരണസമിതി 14-ാം തീയതി തെരഞ്ഞെടുപ്പ് നടത്താൻ നിശ്ചയിച്ചപ്പോൾ ഭരണസമിതി അംഗീകരിച്ച തെരഞ്ഞെടുപ്പിനായി റിട്ടേണിംഗ് ഓഫീസർക്ക് നൽകിയ വോട്ടർ പട്ടികയിൽ 1673 മെമ്പർമാരുടെ പേരാണ് ചേർത്തിരുന്നത്. ഈ നടപടികൾ ആരംഭിച്ചതിനു ശേഷം എൽ.ഡി.എഫിന് അനുകൂലമായി വരാൻ വേണ്ടി കോടതി നിർദ്ദേശത്തെപ്പോലും ലംഘിച്ചുകൊണ്ട് 885 മെമ്പർമാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. അപ്പോൾ തുടക്കം മുതൽ ഇത് യു.ഡി.എഫിൽനിന്നും ഏതു നിലയ്ക്കും തട്ടിയെടുക്കുക എന്ന ഒരു പ്രവർത്തന പരിപാടിയാണ് ഉദ്ദേശിച്ചത്. മണ്ണൂർ പഞ്ചായത്തിലെ ഈ സഹകരണ ബാങ്ക്, ആ പഞ്ചായത്തിന്റെ മുഴുവൻ സ്ഥലങ്ങൾപോലും അധികാര പരിധിയിലല്ലാത്തതാണ്. അതിൽ 5 മുതൽ 9 വരെ വാർഡുകൾ മാത്രമാണ് അധികാരപരിധിയുണ്ടായിരുന്നത്. അങ്ങനെ മണ്ണൂർ സഹകരണ ബാങ്കിലെ തെരഞ്ഞെടുപ്പ് 14-ാം തീയതി നടക്കാനിരിക്കേ 13-ാം തീയതി അർദ്ധരാത്രി അനലപ്പാറ, അനങ്ങനടി, തൃക്കടീരി, ചളവര, മങ്കര, ലക്കടിപേരൂർ, പാലപ്പുറം, കരിമ്പ, കല്ലടിക്കോട്, മണ്ണാർക്കാട്, വേങ്ങശ്ശേരി, പറളി തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് പ്രത്യേക വൈദഗ്ധ്യം ഉള്ള ഏതാണ്ട് ആയിരത്തോളം വരുന്ന ആളുകളെ സജ്ജമാക്കി മണ്ണൂർ നായർവീട്ടിലും മണ്ണൂർ സെൻട്രൽ ബേസിക് സ്കൂളിലുമായി ക്യാമ്പു ചെയ്യിച്ചു. 14-ാം തീയതി പുലർച്ചെ നാലര മണിയോടുകൂടി ഈ ആളുകൾ ആയുധധാരികളായി ഈ സംഘത്തിന്റെ മുൻപിൽ വോട്ടു ചെയ്യു

[10.A.M.]

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് ക്യൂവിന്റെ ആദ്യഭാഗത്ത് നിൽക്കുകയായിരുന്നു. ഇതുകണ്ട ഭരണസമിതി അംഗങ്ങളും അതുപോലെ സ്ഥാനാർത്ഥികളുമായ ആളുകൾ, ഈ സ്ഥിതിക്ക് മാറ്റമുണ്ടാകണമെന്നും യഥാർത്ഥവോട്ടർമാർക്കു മാത്രമേ വോട്ടു ചെയ്യാൻ അനുവാദം നൽകാവൂ എന്നും ബഹുമാനപ്പെട്ട റിട്ടേണിംഗ് ഓഫീസറോട് ആവശ്യപ്പെട്ടു. അദ്ദേഹം അത് സ്വീകരിച്ചില്ലെന്നു മാത്രമല്ല ഇവരെ വോട്ടുചെയ്യാൻ അനുവദിക്കുകയാണ് ചെയ്തത്; അവർക്ക് അനുമതി കൊടുക്കുകയും അതിന് പോലീസിന്റെ സംരക്ഷണം തേടുകയാണ് ചെയ്തത്. ഈ അവസരത്തിൽ ഇത് നീതിപൂർവ്വമല്ല, വോട്ടർമാർക്കു മാത്രമേ വോട്ടു ചെയ്യാൻ അവകാശം കൊടുക്കാവൂ എന്നുപറഞ്ഞപ്പോൾ അവിടത്തെ ഭരണസമിതി അംഗങ്ങളേയും സ്ഥാനാർത്ഥികളായ മുഴുവൻ ആളുകളെയും പോലീസ് അറസ്റ്റ് ചെയ്യുകയാണ് ചെയ്തത്. രാമകൃഷ്ണൻനായർ, തുളസീദാസ്, വേലായുധൻ, ബാലകൃഷ്ണൻ, രാമചന്ദ്രൻ, ശ്രീമതി ഹാജിറമ്മ, കരീം അബ്ദുൾ ഖാദർ, മുഹമ്മദ്, അബ്ദുൾ മുതലിഫ്, അശോക് കുമാർ, മോഹൻദാസ് എന്നീ ആളുകളെ പോലീസ് അറസ്റ്റുചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. ഇതിൽ ഹാജിറമ്മയുൾപ്പെടെയുള്ള അഞ്ചോളം പേർ മുസ്ലീം സമുദായത്തിൽപ്പെട്ട ആളുകളാണ്. അവർക്ക് ഈ നോമ്പുകാലത്ത് അതിനുള്ള അവസരംപോലും നൽകാത്ത സ്ഥിതിയാണുള്ളത്. വ്യാജ ഐഡന്റിറ്റി കാർഡുകളും തെറ്റായ ക്രമ നമ്പരുമായിട്ടാണ് വോട്ടുചെയ്യാൻ പോയത്. എന്നിട്ടും അവരെ അനുവദിക്കുകയും. യഥാർത്ഥ ഐഡന്റിറ്റി കാർഡുമായി പോയ ആളുകളെ അനുവദിക്കാതിരിക്കുകയും ചെയ്തു. കോടതിവിധിക്ക് ഉണ്ടായിരുന്നിട്ടുപോലും ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപനം നടത്തി അവിടെ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. ഇത് നീതിപൂർവ്വമല്ല. യഥാർത്ഥ വോട്ടർമാരെക്കൊണ്ട് വോട്ടുചെയ്യിക്കാൻ തക്കവണ്ണം ഈ തെരഞ്ഞെടുപ്പു റദ്ദുചെയ്യണം. ഇതിനു കൂട്ടുനിന്ന ഉദ്യോഗസ്ഥൻമാരുടെ പേരിലും അതിന് സഹായമായി പ്രവർത്തിച്ച പോലീസുകാരുടെ പേരിലും നടപടിയെടുക്കണം. റീപോളിംഗ് നടത്തണം. ഇത് അടിയന്തിരമായി ചെയ്യണമെന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. അനീതിക്കെതിരെ അങ്ങ് കൂട്ടു നിൽക്കില്ല. നീതി ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമെന്ന് ഉറപ്പുണ്ട്. അതു ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, പാലക്കാട് ജില്ലയിലെ മണ്ണൂർ സഹകരണ ബാങ്കിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് 14.12.1999 നാണ് നടന്നത്. ഈ തെരഞ്ഞെടുപ്പു തീരുമാനം വന്നപ്പോൾത്തന്നെ അവിടെ അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണകാലത്ത് അംഗത്വം ലഭിച്ച ആളുകളുടെ വോട്ടവകാശം സംബന്ധിച്ച തർക്കം ഹൈക്കോടതിയിലെത്തി. പഴയ അംഗങ്ങളെയും അഡ്മിനിസ്ട്രേറ്ററുടെ ഭരണകാലത്ത് അംഗത്വം കിട്ടിയവരെയും വെവ്വേറെ പെട്ടികളിൽ വോട്ടുചെയ്യാൻ അനുവദിക്കണമെന്നും തെരഞ്ഞെടുപ്പു ഫലം കോടതിയിൽ കാണിക്കണമെന്നും ഹൈക്കോടതി വിധിയുണ്ടായി. തെരഞ്ഞെടുപ്പു നടന്ന ദിവസം വോട്ടർമാരുടെ നീണ്ട നിരയുണ്ടായിരുന്നു. ഐഡന്റിറ്റി കാർഡു കൊടുക്കുന്നതു സംബന്ധിച്ച് ചില തർക്കങ്ങൾ അവിടെ ഉയർന്നുവരികയും ചെയ്തു. ഐഡന്റിറ്റി കാർഡ് അടിസ്ഥാനമാക്കിക്കൊണ്ട് വോട്ടു രേഖപ്പെടുത്തുന്ന സ്ഥിതി ആരംഭിച്ചപ്പോൾ മുദ്രാവാക്യം വിളിക്കുകയും ബഹളമുണ്ടാക്കുകയും ചെയ്തതിനെത്തുടർന്ന് 11 പേരുടെ പേരിൽ ക്രൈം നമ്പർ 22/91/151 സി.ആർ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്യുകയും അതിനുശേഷം അവരെ വിട്ടയയ്ക്കുകയും ചെയ്തു. 1018/2010.

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികൾ വിജയിച്ചതായി ഫല പ്രഖ്യാപനം വന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കാരണം, കോടതിയുടെ നിർദ്ദേശമനുസരിച്ച് വോട്ടിംഗ് നടന്നശേഷം രണ്ട് പെട്ടികളും കോടതിയിൽ സമർപ്പിക്കുകയാണു ചെയ്തത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം ഗവൺമെന്റിന്റെ മുമ്പിൽ പ്രത്യേക പരാതിയായി ഇതിനകം വന്നിട്ടില്ല. ഈ തെരഞ്ഞെടുപ്പു സംബന്ധിച്ച് പ്രത്യേകിച്ച് പരാതി എന്തെങ്കിലും ഉണ്ടെങ്കിൽ അത് പ്രത്യേകിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അവിടെ ഇപ്പോൾ പ്രത്യേക സാഹചര്യമൊന്നുമില്ല. ഇത്തരം ചില പ്രവണതകൾ പൊതുവിൽ വരുമെന്നുള്ളതുകൊണ്ടാണ് നമ്മളുദ്ദേശിക്കുന്ന ബില്ലിൽ ഇലക്ഷൻ കമ്മീഷണറെത്തന്നെ നിശ്ചയിച്ചുപോകുക, സഹകരണ മേഖലയിൽ സമാധാന പരമായിട്ടുള്ള രീതി ഉറപ്പുവരുത്തുക, അതിന് ഇലക്ഷൻ കമ്മിഷണറെ വയ്ക്കുക എന്നൊക്കെ പറയാൻ ഇടവന്നത്. അതുകൊണ്ട് എന്തെങ്കിലും ക്രമക്കേടു സംബന്ധിച്ച് പ്രത്യേക പരാതി ലഭിച്ചാൽ തീർച്ചയായും അതന്വേഷിച്ച് ആവശ്യമായ തീരുമാനമെടുക്കാം.

(2) മാവേലിക്കര ബൈബിൾ കോളേജ് പ്രിൻസിപ്പലിനെതിരെയുണ്ടായ അക്രമം

ശ്രീ. എം. മുരളി : സർ, അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. വടക്കേ ഇന്ത്യയിൽ ആസ്ത്രേലിയൻ മിഷണറി സ്റ്റെയിൻസിനെയും മക്കളെയും ധാരാസിംഗിനെപ്പോലെയുള്ള ഭീകരവാദികൾ ചുട്ടുകരിച്ചപ്പോൾ, ദേവാലയങ്ങൾ കൊള്ള ചെയ്തപ്പോൾ, തകർത്തപ്പോൾ, കന്യാസ്ത്രീകളെ മാനഭംഗപ്പെടുത്തിയപ്പോൾ സാക്ഷര കേരളം പ്രബുദ്ധകേരളമെന്ന് അഭിമാനിച്ച നമ്മൾ പറഞ്ഞു, നാം ഇതിനെല്ലാം അതീതമാണെന്ന്. മതേതരത്വത്തിന്റെ പ്രതീകമാണെന്ന് നമ്മൾ അഭിമാനിച്ചുവെങ്കിൽ ആ അഭിമാനത്തിന്റെ ഉടയാട ഉരിഞ്ഞുവീണ സംഭവമാണ് ഈ സഭ തുടങ്ങിയ ദിവസം തിങ്കളാഴ്ച വൈകിട്ട് എന്റെ നിയോജക മണ്ഡലമായ മാവേലിക്കരയിലുണ്ടായത്. മാവേലിക്കരയിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ ഇവാഞ്ചലിക്കൽ മിഷൻ നടത്തുന്ന ബൈബിൾ കോളേജിന്റെ പ്രിൻസിപ്പലിനെ നെഞ്ചിൽ കുത്തേൽപ്പിക്കുകയും അവിടത്തെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഒരു സംഘം സാമൂഹ്യ ദ്രോഹികൾ ക്രൂരമായി, സായുധരായി ആക്രമിക്കുകയും ചെയ്ത സംഭവമാണത്. അതിൻമേൽ അടിയന്തിര നടപടികൾ സ്വീകരിച്ചുകൊണ്ട്, കുറ്റവാളികളുടെമേൽ കർശനമായ നടപടികൾ സ്വീകരിച്ച് അവരെ കൈയാമം വയ്ക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച ഒരു സംഭവം നടന്നിട്ട് മൂന്നു ദിവസമായിട്ടും കുറ്റവാളികളെ കണ്ടെത്താനോ, അവരെ അറസ്റ്റു ചെയ്യാനോ ഗവൺമെന്റ് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ കൊണ്ടുവന്നിരിക്കുന്നത്. (ബഹളം) ..... ആരാണെന്ന് മുഖ്യമന്ത്രി പറയും. ..... (ബഹളം) ..... ആരായാലും അവരെ അറസ്റ്റു ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. .....(ബഹളം)..... ആരാണെന്ന് മുഖ്യമന്ത്രി പറയും. ..... (ബഹളം) .....

സർ, കേരളത്തിലും ഇതുണ്ടായിരിക്കുന്നു. നിങ്ങൾ ഭരിക്കുന്ന കേരളത്തിലും ഉണ്ടായിരിക്കുന്നു. ..... (ബഹളം) ..... ഇന്ത്യാ ഇവാഞ്ചലിക്കൽ മിഷൻ ബൈബിൾ കോളേജിനോടൊപ്പം അവിടെ അനാഥക്കുഞ്ഞുങ്ങൾക്കായിട്ട് ഒരു അനാഥാലയം നടത്തുന്നുണ്ട്. നാനാജാതി

LIBRARY ARCHIVES Kerala Legislative Assembly